# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 12-04-2025**

### പ്രധാനവാർത്തകൾ

1.) വയനാട് പുനരധിവാസത്തിനായി എൽസ്റ്റൺ എസ്റ്റേറ്റിലെ ഭൂമി ഏറ്റെടുത്ത് സംസ്ഥാന സർക്കാർ. ടൗൺഷിപ്പിനുള്ള നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

2.) നാടിൻ്റെ പൊതുവായ വികസനം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിടത്തിൻ്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിച്ചു.

RNU TVPM

3.) വിഷു - ഈസ്റ്റർ ആഘോഷങ്ങൾക്കൊരുങ്ങി മലയാളികൾ; സംസ്ഥാനത്ത് വിഷു വിപണികൾ സജീവം; പള്ളികളിൽ ഓശാന ഞായറിനുള്ള ഒരുക്കങ്ങൾ പൂർണ്ണം.

4.) കുതിച്ചുയർന്ന് സ്വർണ വില. ഒരു പവൻ്റെ വില 70,000 രൂപ കടന്നു.

5.) **ISL** ഫുട്ബോൾ കലാശപ്പോരിൽ ഇന്ന് മോഹൻ ബഗാനും ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും.

&&&&&&&&&&&&&

വയനാട് പുനരധിവാസം

വയനാട് പുനരധിവാസത്തിനായി എൽസ്റ്റൺ എസ്റ്റേറ്റിലെ ഭൂമി ഏറ്റെടുത്ത് സംസ്ഥാന സർക്കാർ. ഭൂമിയിൽ ടൗൺഷിപ്പിനുള്ള നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹൈക്കോടതി ഉത്തരവിന് പിന്നാലെ ഇന്നലെ തന്നെ 17 കോടി രൂപ സർക്കാർ കെട്ടിവച്ചിരുന്നു. അതേസമയം ആനുകൂല്യങ്ങൾ ലഭിച്ചില്ലെന്ന് ആരോപിച്ച് എസ്റ്റേറ്റിലെ തൊഴിലാളികൾ പ്രതിഷേധവുമായി രംഗത്തെത്തി.

&&&&&&&&&&&&&

മുഖ്യമന്ത്രി- കോഴിക്കോട്

നാടിൻ്റെ പൊതുവായ വികസനം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്തെ നേട്ടങ്ങളെ പിന്നാട്ട് നയിക്കുന്ന, അശാസ്ത്രീയ പ്രവണതകളായ വാക്സിനേഷൻ വിരുദ്ധ പ്രചരണവും പ്രസവ ചികിൽസക്കെതിരായ നീക്കവും സാമൂഹ്യ വിരുദ്ധതയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയായി.

&&&&&&&&&&&&&

മുഖ്യമന്ത്രി- സർവ്വകക്ഷിയോഗം

സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഈ മാസം 16ന് യോഗം ചേരും. 16ന് രാവിലെ മതമേലധ്യക്ഷൻമാരുടെ യോഗവും , വൈകിട്ട്

RNUTVPM

സർവകക്ഷിയോഗവും നടക്കും. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

&&&&&&&&&&&&&

**ധർമ്മടം- ഇൻട്രോ**

സംസ്ഥാനത്തെ ആദ്യത്തെ അതിദാരിദ്ര്യമുക്ത നിയമസഭ മണ്ഡലമായി കണ്ണൂർ ജില്ലയിലെ ധർമ്മടം. ഔദ്യോഗിക പ്രഖ്യാപനം നാളെ നടക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ......
(വോയിസ്)

&&&&&&&&&&&&&

**വീണാജോർജ്ജ്- കെട്ടിട ഉദ്ഘാടനം**

കോഴിക്കോട് വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ഡോ. കെ ബി മേനോൻ കുടുംബാരോഗ്യകേന്ദ്രം കെട്ടിടം ഇന്ന് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ആധുനിക സൗകര്യമുള്ള കെട്ടിടത്തിൽ ഒരേസമയം പത്തോളം പേർക്ക് ടെസ്റ്റ് നടത്താനുള്ള ലാബ്, ഫാർമസി, പരിശോധന മുറി, കാത്തിരിപ്പ് കേന്ദ്രം ഉൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്. രാവിലെ ഒൻപത് മുതൽ വൈകിട്ട് ആറു മണി വരെയാണ് ഒപി പരിശോധന.

&&&&&&&&&&&&&

**കാസർഗോഡ്- ബാറ്ററി സ്റ്റോറേജ് പദ്ധതി- ഇൻട്രോ**

കേരളത്തിലെ ആദ്യ ബാറ്ററി എനെർജി സ്റ്റോറേജ് പദ്ധതി യാഥാർഥ്യമാകുന്നു. കാസർകോട് മൈലാട്ടി 220 കെ വി സബ്സ്റ്റേഷൻ പരിസരത്താണ് പദ്ധതി നടപ്പാക്കുന്നത്.

RNUTVPM

നാല് മണിക്കൂർ തുടർച്ചയായോ അല്ലാതെയോ വൈദ്യുതി ലഭ്യമാക്കാനാകുന്ന രാജ്യത്തെ ആദ്യ പദ്ധതിയാണിതെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.....
( വോയിസ്.... )

&&&&&&&&&&&&&&

**ആശാസമരം**

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറിയറ്റിനു മുന്നിൽ രാപ്പകൽ സമരം നടത്തുന്ന ആശാ പ്രവർത്തകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഇന്ന് പൗരസംഗമം സംഘടിപ്പിച്ചു. ആശാപ്രവർത്തകർക്കൊപ്പം കുടുംബാംഗങ്ങളും, വിവിധ സംഘടന പ്രതിനിധികളും പങ്കെടുത്തു. ആശാപ്രവർത്തകരുടെ സമരം ഇന്ന് അറുപത്തിരണ്ടാം ദിവസത്തിലേക്ക് കടന്നു.

PNUTVPM

&&&&&&&&&&&&&&

**പാസിംഗ് ഔട്ട് പരേഡ്**

കണ്ണൂർ മാങ്ങാട്ടുപറമ്പ് കെ.എ.പി. നാലാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡിൽ സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് അഭിവാദ്യം സ്വീകരിച്ചു. ജനങ്ങളുടെ ആവശ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകേണ്ടത് ജനമൈത്രി പോലീസിന്റെ പ്രധാന കടമയാണെന്ന് അദ്ദേഹം പറഞ്ഞു. 447 പേരാണ് പരിശീലനം പൂർത്തിയാക്കി പരേഡിൽ പങ്കെടുത്തത്.

&&&&&&&&&&&&&&

## യൂത്ത് കോൺഗ്രസ് മാർച്ച്

കേന്ദ്രസഹമന്ത്രി സുരേഷ്ഗോപിയുടെ തൃശൂരിലെ ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ് പ്രതിഷേധ മാർച്ച്. ജബൽപുരിൽ മലയാളി വൈദികനുൾപ്പെടെ ആക്രമിക്കപ്പെട്ട സംഭവത്തിൽ കേന്ദ്രസഹമന്ത്രി മൗനം അവലംബിക്കുന്നെന്ന് ആരോപിച്ചാണ് മാർച്ച്. സമരക്കാർക്ക് നേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു.

&&&&&&&&&&&&&

## പാലക്കാട് പശു

പാലക്കാട് മീങ്കരയ്ക്ക് സമീപം ട്രെയിൻ ഇടിച്ച് 17 പശുക്കൾ ചത്തു. ഇന്ന് രാവിലെ റെയിൽവെ പാളം മുറിച്ചു കടക്കുന്നതിനിടെയാണ് അപകടമുണ്ടായത്.

RNU TVPM

&&&&&&&&&&&&&

## നല്ലവാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&

## വൈദ്യുത സുരക്ഷാ മാർഗ്ഗനിർദ്ദേശം

വേനൽക്കാലത്തെ വൈദ്യുത സുരക്ഷ കണക്കിലെടുത്ത് സംസ്ഥാന വൈദ്യുതി വകുപ്പ് മാർഗ നിർദ്ദേശങ്ങൾ പുറത്തിറക്കി. തീപിടിക്കാൻ സാധ്യതയുള്ള വസ്തുക്കൾ വൈദ്യുത ഉപകരണങ്ങളുടെ സമീപം വയ്ക്കരുത്. വൈദ്യുതി

ലൈനിന് കീഴിലായി ചവറുകൾക്ക് തീയിടാതിരിക്കുക. വൈദ്യുതി ലൈനിനു സമീപമുള്ള വൃക്ഷങ്ങളിൽ നിന്നും ഇരുമ്പ് തോട്ടി, ഏണി എന്നിവ ഉപയോഗിച്ച് പഴങ്ങൾ അടർത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

&&&&&&&&&&&&&

**ഓശാന ഞായർ**

നാളെ ഓശാന ഞായർ. യേശുക്രിസ്തുവിൻറെ ജറുസലേം പ്രവേശനത്തിൻറെ സ്മരണകളിൽ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, കുരുത്തോല പ്രദക്ഷിണവും നടക്കും. ഇതോടെ വിശുദ്ധ വാരത്തിന് നാളെ തുടക്കമാകും.

&&&&&&&&&&&&&

**വിഷു-ആലപ്പുഴ-ഇൻട്രോ**

സംസ്ഥാനത്ത് വിഷു വിപണികൾ സജീവം. വിഷുവിന്റെ വരവറിയിച്ച് വഴിയോരങ്ങളിൽ കണിക്കൊന്നകൾ നേരത്തെ തന്നെ വിരിഞ്ഞു കഴിഞ്ഞു. കണി ഒരുക്കാനും സദ്യവട്ടങ്ങൾക്കുമുള്ള സാധനങ്ങൾ വാങ്ങാൻ വിപണികളിൽ തിരക്കേറി. വിഷുക്കണിയിൽ പ്രധാനമായ കണി വെള്ളരി ഉൾപ്പടെ വിളവെടുക്കുന്ന തിരക്കിലാണ് കർഷകർ.

ചേർത്തലയിലെ വിഷു വിളവെടുപ്പിന്റെ വിശേഷങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....

( വോയിസ്... )

&&&&&&&&&&&&&

**വിഷു സ്പെഷ്യൽ ട്രെയിൻ**

RNU TVPM

വിഷുക്കാലത്തെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ബംഗളുരു SMVT സ്റ്റേഷനിൽ നിന്ന് എറണാകുളം വരെയും തിരിച്ചും പ്രത്യേക ട്രെയിൻ സർവ്വീസ് ഏർപ്പെടുത്തി ദക്ഷിണ റെയിൽവേ. ഇന്ന് വൈകിട്ട് SMVT ബംഗളുരുവിൽ നിന്നും സർവീസ് ആരംഭിക്കും. തിരിച്ച് ഈ മാസം 14 ന് എറണാകുളത്ത് നിന്ന് സർവ്വീസ് നടത്തുന്ന രീതിയിലാണ് ക്രമീകരണം.

&&&&&&&&&&&&&

**ഐഎസ്എൽ**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ 11-ാം സീസണിൻറെ ഫൈനൽ ഇന്ന്. കലാശപ്പോരിൽ കരുത്തരായ മോഹൻ ബഗാനും ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&

**ഐപിഎൽ**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. വൈകുന്നേരം 3.30 നു ലക്നൗവിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ലക്നൗ സൂപ്പർ ജയൻറ്സ് - ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. രാത്രി 7.30 നു നടക്കുന്ന രണ്ടാം മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് - പഞ്ചാബ് കിങ്സുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&

**സ്വർണ്ണ വില**

RNU TVPM

സ്വർണ വില കുതിക്കുന്നു. ഒരു പവന്റെ വില 70000 രൂപ കടന്നു. ഗ്രാമിന് 25 രൂപ കൂടി 8,770 രൂപയും പവന് 200 രൂപ വർധിച്ച് 70,160 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&

സ്വർണ്ണ ഹോൾമാർക്കിംഗ്

സ്വർണ്ണാഭരണത്തിൻറെ പരിശുദ്ധി രേഖപ്പെടുത്തുന്ന ഹോൾമാർക്കിംഗ് സംവിധാനം രാജ്യത്ത് നിലവിൽ വന്നിട്ട് 25 വർഷം പൂർത്തിയായി. 2000 ഏപ്രിൽ 11 നാണ് ആദ്യ ഹോൾമാർക്കിംഗ് മുദ്ര പതിപ്പിച്ചത്.

&&&&&&&&&&&&&

കാലാവസ്ഥ

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ കടലാക്രമണത്തിനു സാധ്യത. ആലപ്പുഴ തീരത്ത് നാളെ ഉച്ച വരെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

RNUTVPM

&&&&&&&&&&&&&

മഴ- കൊല്ലം

ശക്തമായ മഴയിൽ വെള്ളക്കെട്ട് രൂപപ്പെട്ടതോടെ കൊല്ലം കൊട്ടിയത്ത് ദേശീയപാതയിൽ ഗതാഗതം തടസ്സപ്പെട്ടു. രാത്രിയും വെള്ളക്കെട്ടിലൂടെ കടന്നു പോകാൻ ശ്രമിച്ച കെ.എസ്.ആർ.ടി.സി. ബസ് തകരാറിലായി. ജലനിരപ്പ് കുറഞ്ഞതോടെ രാവിലെ ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചിരുന്നു.

&&&&&&&&&&&&&

**യുപിഎസ്സി- മെട്രോ**

യുപിഎസ്സി പരീക്ഷ പ്രമാണിച്ച് നാളത്തെ കൊച്ചി മെട്രോ സർവ്വീസ് നേരത്തെയാക്കി. രാവിലെ 7 മണി മുതൽ ആലുവയിൽ നിന്നും തൃപ്പൂണിത്തുറയിൽ നിന്നും സർവ്വീസ് ആരംഭിക്കും.

&&&&&&&&&&&&&

**ഗതാഗത നിയന്ത്രണം**

തിരുവനന്തപുരം അമ്പലമുക്ക് - പരുത്തിപ്പാറ റോഡിൽ ടാറിംഗ് നടക്കുന്നതിനാൽ ഇന്ന് മുതൽ ഈ മാസം 18 വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. പരുത്തിപ്പാറയിൽ നിന്നും അമ്പലമുക്കിലേക്ക് പോകുന്ന വാഹനങ്ങൾക്ക് ഭാഗിക നിയന്ത്രണവും, അമ്പലമുക്കിൽ നിന്നും പരുത്തിപ്പാറയിലേക്ക് പോകുന്ന വാഹനങ്ങൾക്ക് പൂർണ ഗതാഗത നിരോധനവുമാണ് ഏർപ്പെടുത്തിയത്.

RJU TVPM

&&&&&&&&&&&&&

**നിരോധിത ലഹരിവസ്തുക്കൾ കണ്ടെടുത്തു**

കൊല്ലം ചടയമംഗലത്ത് കഴിഞ്ഞ ദിവസം നടത്തിയ പരിശോധനയിൽ സൂപ്പർമാർക്കറ്റിനുള്ളിലെ ഷെഡിൽ സൂക്ഷിച്ച 700 കിലോയോളം വരുന്നനിരോധിത ലഹരിവസ്തുക്കൾ കണ്ടെടുത്തു. എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ രാജേഷിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് 10 ലക്ഷം രൂപയോളം വിലമതിക്കുന്ന ലഹരി വസ്തുക്കൾ പിടിച്ചെടുത്തത്. കടയ്ക്കൽ, മുക്കുന്നം സ്വദേശി സിയാദ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സൂപ്പർമാർക്കറ്റിൽ നിന്നാണ് ലഹരി പിടിച്ചത്.

&&&&&&&&&&&&&

**കഞ്ചാവുമായി പിടിയിൽ**

കണ്ണൂർ പാപ്പിനിശ്ശേരിയിൽ അഞ്ചര കിലോ കഞ്ചാവുമായി രണ്ട് ഉത്തർപ്രദേശ് സ്വദേശികൾ പോലീസ് പിടിയിലായി. സുശീൽ കുമാർ ഗിരി, രാംരഥൻ സഹനി എന്നിവരെയാണ് വളപട്ടണം പോലീസ് പിടികൂടിയത്.

&&&&&&&&&&&&&

**എൻബിഎ അക്രഡിറ്റേഷൻ**

കാസർഗോഡ് എൽ.ബി.എസ് എൻജിനീയറിങ് കോളേജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് വിഭാഗത്തിന് എൻ.ബി.എ അക്രഡിറ്റേഷൻ. കഴിഞ്ഞ ഫെബ്രുവരിയിൽ വിദഗ്ധ സംഘം ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിരുന്നു. വിവിധ പ്രോജക്ടുകളിലെയും പാഠ്യ - പഠ്യേതര പരിപാടികളിലെയും വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രത്യേക ശ്രദ്ധ നേടിയിരുന്നു.

PNU TVPM

&&&&&&&&&&&&&

**സ്നേഹപൂർവ്വം പദ്ധതി**

2024-25 അദ്ധ്യയന വർഷത്തെ സ്നേഹപൂർവ്വം പ്രതിമാസ ധനസഹായ പദ്ധതിക്ക് അപേക്ഷിക്കാനുള്ള തീയതി ഈ മാസം 30 വരെ നീട്ടി. സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയാണ് അപേക്ഷ അയക്കേണ്ടത്.

&&&&&&&&&&&&&

**&&&&&&&&**
**&&&**

RNU TVPM